Post Category

IDUKKI (/IDUKKI)

# ജില്ലാ ആയുർവേദ ആശുപത്രിയിൽ താത്കാലിക നിയമനം

ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രി (അനക്സ്) പാറേമാവിൽ ആശുപത്രി വികസന സമിതി മുഖേന താഴേ പറയുന്ന തസ്തികകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ പരമാവധി 179 ദിവസത്തേക്ക് താത്കാലിക നിയമനം നടത്തുന്നു. യോഗ്യരായ അപേക്ഷകർ ജൂലൈ 15 ന് ഉച്ചക്ക് 2 മണിക്ക് മുൻപായി അപേക്ഷയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ഫോൺ നമ്പർ ഉൾപ്പെടെ dahannexparemavu@gmail.com എന്ന ഇ മെയിലിൽ അപേക്ഷിക്കണം. സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. സമീപ പ്രദേശത്തുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. വാക്ക് ഇൻ ഇന്റർവ്യൂവിന് അനുവദിച്ചിട്ടുള്ള സമയത്തിന് 30 മിനിറ്റ് മുൻപ് മാത്രമേ ഓഫീസ് പരിസരത്ത് പ്രവേശിക്കുവാൻ അനുമതിയുള്ളൂ. കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചാണ് ഇന്റർ വ്യൂ. കൂടുതൽ വിവരങ്ങൾക്ക് 04862232420 എന്ന നമ്പറിൽ ബന്ധപ്പെടാം.

ഇന്റർ വ്യൂ സമയ ക്രമം

തസ്തിക – യോഗ്യത– തീയതി – സമയം

1) ഫീമെയിൽ തെറാപ്പിസ്റ്റ് – കേരള സർക്കാർ അംഗീകൃത ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് വിജയം– 19/07/2021 11 മണി

2) എക്സറേ ടെക്്നീഷ്യൻ– കേരള സർക്കാർ അംഗീകൃത കോഴ്സ് വിജയം (DME Certificate) – 19/07/2021 2 മണി

3) ഫുൾ ടൈം സ്വീപ്പർ– 7ാം ക്ലാസ്, പ്രവർത്തി പരിചയം– 21/07/2021 11 മണി

4) സെക്യൂരിറ്റി– 7ാം ക്ലാസ്, പ്രവർത്തി പരിചയം– 21/07/2021 2 മണി

5) കുക്ക് – 7ാം ക്ലാസ്, പ്രവർത്തി പരിചയം– 22/07/2021 11 മണി

date

09-07-2021

- Log in (/ml/user/login?destination=/ml/node/129982%23comment-form) to post comments